പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 767

29.05.2019 ൽ മറുപടിക്ക്

**ശബരിമലയിലെ നടവരവിൽ ഉണ്ടായകുറവ്**

ചോദ്യം

**ശ്രീ.റോജി എം. ജോൺ**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ ഏർപ്പെട്ടുത്തിയ നിരോധനാജ്ഞ മൂലം നടവരവിൽ കുറവ് ഉണ്ടായിട്ടുണ്ടോ; | (എ) | നിരോധനാജ്ഞ മൂലം നട വരവിൽ കുറവ് ഉണ്ടായിട്ടില്ല എന്നാൽ ശബരിമല സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ബഹു സുപ്രീം കോടതിയുടെ വിധിയെ തുടർന്ന് വിവിധ രാഷ്ട്രീയ മത സംഘടനകൾ ശബരിമലയിലും പരിസര പ്രദേശങ്ങളിലും നാമജപ ഘോഷയാത്രകൾ പോലുള്ള പ്രകടനങ്ങൾ നടത്തിയിരുന്നു. കൂടാതെ ചിലർ അക്രമ പ്രവർത്തനങ്ങളും കലാപ ശ്രമങ്ങളും നടത്തിയിരുന്നു. ഇത് കാരണം ഭക്ത ജനങ്ങളുടെ കുറവുണ്ടാകുകയും നടവരവിൽ മുൻ വർഷത്തേക്കാൾ കുറവ് ഉണ്ടായിട്ടുമുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ 2018-19 -ലെ മണ്ഡല-മകര വിളക്ക് മഹോത്സവം, ചിത്തിര ആട്ട വിശേഷം, മാസപൂജ എന്നീ വിശേഷ ദിവസങ്ങളിലെ നടവരവിൽ തൊട്ടു മുൻപുള്ള വർഷത്തെ അപേക്ഷിച്ച് ഉണ്ടായ കുറവ് എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ വർഷത്തെ അപേക്ഷിച്ച് 116,67,95,225 രൂപ കുറവ് വന്നിട്ടുണ്ട്. |
| (സി) | ശബരിമലയിലെ നടവരവിലുണ്ടായ കുറവ് പരിഹരിക്കുവാൻ എന്തെങ്കിലും പ്രത്യേക സഹായം ദേവസ്വം ബോർഡിന് 2019-ൽ നൽകിയിരുന്നോ; എങ്കിൽ എന്ത് സഹായം നൽകി; | (സി) | ശബരിമലയിലുണ്ടായ വരുമാന കുറവ് പരിഹരിക്കുന്നതായി 100 കോടി രൂപ സർക്കാർ 2019-2020-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ദേവസ്വം ബോർഡിന്റെ നന്തൻകോട്ടെ ആസ്ഥാന വളപ്പിൽ പ്രസിഡന്റിനും രണ്ട് മെമ്പർമാർക്കും ഉപയോഗിക്കുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ, എങ്കിൽ ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണ്; | (ഡി) | ദേവസ്വം ബോർഡ് അംഗങ്ങൾക്ക് തിരുവനന്തപുരത്ത് താമസസൗകര്യത്തിന് ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. 19,80,000/-രൂപ വീതം നിർമ്മാണ ചെലവ് വരുന്ന മൂന്ന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായിരുന്നു ബോർഡ് അംഗീകാരം നൽകിയത്. |
| (ഇ) | ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ വേളയിൽ ഇത്തരത്തിലുള്ള ചെലവ് നീതീകരിക്കാവുന്നതാണോയെന്ന് വെളിപ്പെടുത്താമോ? | (ഇ) | താമസ സൗകര്യത്തിന് ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനുള്ള തീരുമാനം 29.12.2017- ൽ ആണ് ബോർഡ് എടുത്തിരുന്നത്. ഈ നിർമ്മാണ പദ്ധതിയിൽ തുടർ നടപടികളൊന്നും ബോർഡ് കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ